"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം ബാലരാമപുരം ഹൈസ്കൂളിലെ ശ്രീമതി. റീജ. എസ്.കെ യുടെ ദിവസ വേതന നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4087/2026/GEDN തീയതി,തിരുവനന്തപുരം, 22-06-2026

---

പരാമർശം:-

1. ജി.ഒ.(ആർ.റ്റി) നം.3405/2024/പൊവിവ തീയതി 30/05/2024.
2. ബാലരാമപുരം ഹൈസ്കൂളിലെ മാനേജർ സമർപ്പിച്ച 26.03.2025 ലെ HSB.525/2023/Manager നമ്പർ റിവിഷൻ ഹർജി.
3. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22.04.2025 തീയതിയിലെ DEONTA/756/2025-B1 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.04.2025 തീയതിയിലെ DGE/8030/2025-ET4 നമ്പർ കത്ത്.
5. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 26.04.2025 ലെ ഡി.ഡി.ഇ/1972/2025-ബി5 നമ്പർ കത്ത്.
6. സ.ഉ.(കൈ) നം.31/2026/പൊവിവ, തീയതി 18.02.2026.

**ഉത്തരവ്**

തിരുവനന്തപുരം ബാലരാമപുരം ഹൈസ്കൂൾ മാനേജർ പരാമർശം (2) പ്രകാരം സമർപ്പിച്ച 26/03/2025 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം 28/04/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. ശ്രീമതി റീജ എസ്.കെ.യ്ക്ക് 20/07/2023 മുതൽ 15/01/2024 വരെയുള്ള പ്രസവാവധി ഒഴിവിൽ നൽകിയ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

2. ബാലരാമപുരം ഹൈസ്കൂൾ 1917-ൽ യു.പി. സ്കൂളായി ആരംഭിച്ചു. 1947-ൽ ടി സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. ടി സ്കൂൾ ന്യൂ സ്കൂളിന്റെ ഗണത്തിൽപ്പെടുന്നില്ല. എച്ച്.എസ്.എ. (എസ്.എസ്) ആയിരുന്ന ശ്രീമതി മിനി പി.എസ്. 31/05/2022-ൽ വിരമിച്ച ഒഴിവിൽ 01/06/2022-

ൽ നിയമിക്കപ്പെട്ട ശ്രീമതി ആമിന എഫ്. നിയമനാംഗീകാരമില്ലാതെ തുടരവെ 20/07/2023 മുതൽ 15/01/2024 വരെ പ്രസവാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് ടി ഒഴിവിൽ ശ്രീമതി റീജ എസ്.കെ.യെ നിയമിച്ചു.

നിയമനാംഗീകാരമില്ലാത്തതിനാൽ ശ്രീമതി ആമിനയുടെ പ്രസവാവധിക്കും അംഗീകാരം ലഭിച്ചില്ല. ശ്രീമതി ആമിന എഫ്.ന് ദിവസവേതനാടിസ്ഥാനത്തിൽ പോലും അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് ടിയാൾ 01/06/2024-ൽ രാജി സമർപ്പിക്കുകയും മാനേജർ അംഗീകരിക്കുകയും ചെയ്തു. ശ്രീമതി ആമിന രാജിവെച്ചശേഷമാണ് ടിയാളുടെ എച്ച്.എസ്.എ.(എസ്.എസ്) നിയമനത്തിന് 11/02/2025 ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നത്. ശ്രീമതി ആമിനയുടെ നിയമനം അംഗീകരിക്കാതിരുന്ന സാഹചര്യത്തിൽ ടിയാളുടെ പ്രസവാവധി ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീമതി റീജയ്ക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം നൽ കിയിരുന്നില്ല. ടി സ്കൂളിൽ 1996-ന് ശേഷം ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ ഭിന്നശേഷി നിയമനത്തിന് മറ്റു തസ്തികകൾ മാറ്റിവയ്ക്കുവാൻ സാധിച്ചിട്ടില്ല. ശ്രീമതി ആമിനയുടെ നിയമനം ദിവസവേതനത്തിൽ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ പ്രസവാവധി ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീമതി റീജയ്ക്ക് 20/07/2023 മുതൽ 15/01/2024 വരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം നൽകേണ്ടതാണ് എന്നാണ് ബാലരാമപുരം ഹൈസ്കൂൾ മാനേജരുടെ വാദം.

3. സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി റീജ എസ്.കെ.യ്ക്ക് 20/07/2023 മുതൽ 15/01/2024 വരെയുള്ള പ്രസവാവധി ഒഴിവിൽ നൽകിയ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

4.ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരുടെ അവധി ഒഴിവിൽ നിയമിക്കപ്പെട്ടവർക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് പൊതുവായ ഉത്തരവുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ശ്രീമതി ആമിനയുടെ അവധി ഒഴിവിലുള്ള ശ്രീമതി റീജയുടെ നിയമനത്തിന് അംഗീകാരം നൽകാതിരുന്നത് എന്നും, ജി.ഒ.(ആർ.റ്റി) നം.3405/2024/പൊവിവ തീയതി 30/05/2024 പ്രകാരം 2024-25 വർഷം എയ്ഡഡ് സ്കൂളുകളിൽ താല്കാലിക ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം അനുവദനീയമാണെന്നും, ശ്രീമതി റീജ

എസ്.കെ.യുടെ 20/07/2023 മുതലുള്ള ദിവസവേതന നിയമനത്തിന് ടി ഉത്തരവ് ബാധകമാക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ/ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിയ്ക്ക് വിധേയമായി, മറ്റ് വിധത്തിൽ ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ ക്രമപ്രകാരമെങ്കിൽ, സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് പരാമർശം (6) - ലെ ഉത്തരവിലെ para 8A പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

6. ടി സ്കൂളിൽ 1996-ന് ശേഷം ഒഴിവുകൾ ഇല്ലാതിരുന്നതിനാൽ ഭിന്നശേഷി നിയമനത്തിന് മറ്റ് തസ്തികകൾ മാറ്റിവയ്ക്കുവാൻ സാധിച്ചിട്ടില്ല എന്ന് മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ പരാമർശം (6) - ലെ ഉത്തരവിലെ para 8A പ്രകാരം ശ്രീമതി ആമിനയുടെ നിയമനം അംഗീകരിക്കാൻ കഴിയുകയില്ല.

7. ശ്രീമതി ആമിനയ്ക്ക് ഭിന്നശേഷി സംവരണവ്യവസ്ഥ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസവാവധി ഒഴിവും ടി കാലയളവിലെ വേതനവും നിലവിലെ നിയമപ്രകാരം അനുവദനീയമല്ല. ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന വ്യക്തികൾക്ക് അവർ ജോലിചെയ്യുന്ന ദിവസത്തെ വേതനത്തിനൊഴികെ മറ്റ് യാതൊരുവിധ സേവന ആനുകൂല്യങ്ങൾക്കും അർഹതയില്ലാത്തതിനാലും ശ്രീമതി.ആമിനയ്ക്ക് ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനാംഗീകാരം ലഭിച്ചിട്ടുള്ളത് എന്നതിനാലും ടിയാൾക്ക് പ്രസവാവധിക്ക് അർഹതയില്ല. ശ്രീമതി.ആമിനയുടെ 20/07/2023 മുതൽ 15/01/2024 വരെയുള്ള കാലയളവ് സേവനഭംഗമായി തന്നെ നിലനിൽക്കുന്നതാണ്.

8. പരാമർശം (1) - ലെ ഉത്തരവ് പ്രകാരം 2024-25 വർഷം എയ്ഡഡ് സ്കൂളുകളിൽ താല്ക്കാലിക ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

9. മേൽ സാഹചര്യത്തിൽ പരാമർശം (1) - ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക്

വിധേയമായി ശ്രീമതി.റീജ എസ്.കെ.യുടെ 20/07/2023 മുതൽ 15/01/2024 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം മറ്റ് രീതിയിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകുന്നതിന് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

10. മേൽപ്രകാരം പരാമർശം (2) - ലെ റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, ഹൈസ്കൂൾ ബാലരാമപുരം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര
ധനകാര്യ വകുപ്പ്. (17.12.2025 ലെ E- 3307166 / EDN-A1/227/2025-FIN പ്രകാരം)
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്. (03.06.2026 ലെ GE-JA3/359/2025-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ2/49/2025/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by Aji Kumar R
Date: 22-06-2026 16:52:40

സെക്ഷൻ ഓഫീസർ